"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം-കണ്ണൂർ സർക്കാർ ദന്തൽ കോളേജിലെ ഓറൽ & മാക്സിലോഫേഷ്യൽ സർജ്ജറി (OMFS) വിഭാഗത്തിലെ ഒരു അസോഷ്യേറ്റ് പ്രൊഫസ്സർ (വാനിഷിംഗ് ) തസ്തിക അസിസ്റ്റന്റ് പ്രൊഫസ്സർ (വാനിഷിംഗ്) തസ്തികയായി ഡൗൺഗ്രേഡ് ചെയ്തും പ്രസ്തുത തസ്തികയിൽ മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും അക്കൊമൊഡേറ്റ് ചെയ്ത ഡോ. ടോണി പി. മാത്യു-വിന് താത്കാലിക നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.371/2025/H&FWD തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:-

1. 19/02/2021 - ലെ സ.ഉ(കൈ) 52/2021/ആ.കു.വ
2. 28/06/2022-ലെ സ.ഉ(കൈ) 137/2022/ആ.കു.വ
3. 29/06/2023-ലെ സ.ഉ(കൈ) 149/2023/ആ.കു.വ
4. 08/12/2023- ലെ സ.ഉ(കൈ) 336/2023/ആ.കു.വ
5. 12/12/2024- ലെ സ.ഉ(കൈ) 383/2024/ആ.കു.വ
6. 28/02/2025- ലെ സ.ഉ(കൈ) 62/2025/ആ.കു.വ
7. 28/02/2025- ലെ സ.ഉ(കൈ) 63/2025/ആ.കു.വ
8. 10/03/2025- ലെ സ.ഉ(കൈ) 83/2025/ആ.കു.വ
9. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 01/08/2024-ലെ എൻസി4/1415/2020/മെ.വി.വ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലെക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട് പ്രകാരം സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും

അനുബന്ധ സ്ഥാപനങ്ങളും 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരികയും, തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ അക്കൊമൊഡേഷനായി പരാമർശം (1) പ്രകാരം സൃഷ്ടിച്ച 772 തസ്തികകളിലുൾപ്പെട്ട സ്ഥിര ദന്തൽ വിഭാഗം അദ്ധ്യാപക ജീവനക്കാരെ അക്കൊമ്മൊഡേറ്റ് ചെയ്യുന്നതിനായി പരാമർശം (2) പ്രകാരം 14 സൂപ്പർ ന്യൂമററി ഉൾപ്പെടെ ആകെ 43 ദന്തൽ തസ്തികകൾ അനുവദിച്ചും, ടി തസ്തികകളുടെ വർഗീകരണം നടപ്പിലാക്കിയും ഉത്തരവായിരുന്നു. എന്നാൽ 2006- ലെ ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ റെഗുലേഷൻസ്, 2007 ലെ ബി.ഡി.എസ് കോഴ്സ് റെഗുലേഷൻസ് എന്നിവയുടെ അടിസ്ഥാനത്തിലുള്ള സൂക്ഷ്മപരിശോധനയിൽ 11 തസ്തികകൾ മാത്രമാണ് ദന്തൽ കൗൺസിൽ മാനദണ്ഡങ്ങൾ പ്രകാരം അധികമായുള്ളതെന്നും അതിനാൽ പ്രസ്തുത 11 തസ്തികകളെ മാത്രം സൂപ്പർ ന്യൂമററിയായി നിലനിർത്തണമെന്നുമുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം 11 സൂപ്പർ ന്യൂമററി തസ്തികകളെ തരം തിരിച്ചുകൊണ്ടുള്ള ഭേദഗതി ഉത്തരവും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത 11 സൂപ്പർ ന്യൂമററി തസ്തിക ഉൾപ്പെടെ 43 ദന്തൽ അധ്യാപകരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് അക്കൊമൊഡേറ്റ്/ആഗീരണം ചെയ്ത് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. എന്നാൽ സൂപ്പർന്യൂമററി തസ്തികയിൽ ഉൾപ്പെടുന്ന ജീവനക്കാരിൽ ഒരു വകുപ്പിൽ സീനിയർ ആയിട്ടുള്ള ഡോക്ടർ സൂപ്പർന്യൂമററി ആയും മറ്റൊരു വകുപ്പിൽ ജൂനിയർ ആയിട്ടുള്ള ഡോക്ടർ റഗുലർ ആകുന്നതുമായ സ്ഥിതി വിശേഷം ഉണ്ടാകുന്നതായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ദന്തൽ വിഭാഗം അധ്യാപക തസ്തികകളുടെ വർഗീകരണം പൂർത്തീകരിച്ചും തസ്തികകളുടെ തരം തിരിവ് നടത്തിയും പുറപ്പെടുവിച്ച പരാമർശം (3) ഉത്തരവിൽ സൂപ്പർ ന്യൂമററി ആയി ഉൾപ്പെടുത്തിയ പ്രൊഫസർ, അസോഷ്യേറ്റ് പ്രൊഫസർ, ലക്ചറർ തസ്തികകൾ വാനിഷിംഗ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയും, ടി തസ്തികകളിലെ ജീവനക്കാർ വിരമിക്കുന്നത് വഴിയോ, പ്രൊമോഷൻ വഴിയോ, മരണം അല്ലെങ്കിൽ പുറത്താക്കൽ വഴിയോ പ്രസ്തുത തസ്തികകൾ പൂർണ്ണമായും ഇല്ലാതാകുന്നതാണെന്ന് വ്യവസ്ഥ ചെയ്ത് പരാമർശം (2),(3),(4) ഉത്തരവുകൾ ഭേദഗതി ചെയ്ത് പരാമർശം (5) ഉത്തരവ് പുറപ്പെടുവിക്കുകയും, തുടർന്ന് ഓപ്ഷൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി അധ്യാപകർക്ക് പരാമർശം (6), (7) പ്രകാരം താത്കാലിക നിയമന ഉത്തരവുകൾ നൽകുകയും ചെയ്തിരുന്നു.

2) എന്നാൽ താത്കാലിക നിയമന ഉത്തരവ് നൽകുന്നതിന്റെ ഭാഗമായി ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകിയ വേളയിൽ പരാമർശം (4) ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററിയായി

അക്കൊമൊഡേറ്റ് ചെയ്യപ്പെട്ടിരുന്നതും, പിന്നീട് വാനിഷിംഗ് ആക്കപ്പെട്ടതുമായ ഓറൽ & മാക്സിലോഫേഷ്യൽ സർജ്ജറി (OMFS) വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ ഡോ. ടോണി പി. മാത്യൂ ഓപ്ഷൻ A തെരഞ്ഞെടുത്ത് എൻട്രി കേഡറിൽ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിൽ നിയമനം നൽകണമെന്ന് അപേക്ഷിച്ച സാഹചര്യത്തിൽ, കൂടുതൽ പരിശോധന ആവശ്യമായതിനാൽ പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച താത്കാലിക നിയമന ഉത്തരവിൽ ടിയാനെ ഉൾപ്പെടുത്തുകയുണ്ടായില്ല.

3) കണ്ണൂർ ദന്തൽ കോളേജിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തിക ഉൾപ്പെട്ടിട്ടില്ലെന്നും, DCI മാനദണ്ഡ പ്രകാരം BDS-ന് 50 വാർഷിക അഡ്മിഷൻ ഉള്ള സ്ഥാപനത്തിൽ, ഓറൽ & മാക്സിലോഫേഷ്യൽ സർജ്ജറി വിഭാഗത്തിൽ 1 പ്രൊഫസ്സർ, 1 അസോഷ്യേറ്റ് പ്രൊഫസ്സർ, 2 അസിസ്റ്റന്റ് പ്രൊഫസ്സർ, 4 ലക്ച്ചറർ എന്നീ അദ്ധ്യാപക തസ്തികകൾ അനിവാര്യമാണെന്നും കണ്ണൂർ ദന്തൽ കോളേജിൽ 1 പ്രൊഫസ്സർ, 2 അസോഷ്യേറ്റ് പ്രൊഫസ്സർ, 2 ലക്ചറർ എന്നിങ്ങനെ മാത്രം തസ്തികകൾ സൃഷ്ടിച്ചിട്ടുമുള്ളതിനാൽ ഡോ. ടോണി പി. മാത്യു സമർപ്പിച്ചിരിക്കുന്ന ഓപ്ഷൻ പരിഗണിച്ച് ടിയാന് വേണ്ടി അനുവദിച്ചിട്ടുള്ള അസോഷ്യേറ്റ് പ്രൊഫസ്സർ (വാനിഷിംഗ്) തസ്തിക അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തിക ആയി ഡൗൺഗ്രേഡ് ചെയ്ത് ടിയാന് നിയമനം നൽകണമെന്നും, ടിയാനെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ എൻട്രി കേഡറിൽ പ്രവേശിക്കാൻ അനുവദിക്കണമെന്നും പരാമർശം (9) -ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി . മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും കണ്ണൂർ സർക്കാർ ദന്തൽ കോളേജിലെ ഓറൽ & മാക്സിലോഫേഷ്യൽ സർജ്ജറി (OMFS) വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ (വാനിഷിംഗ്) തസ്തികയിൽ അക്കൊമൊഡേറ്റ് ചെയ്യപ്പെട്ട ഡോ. ടോണി പി. മാത്യു സമർപ്പിച്ച ഓപ്ഷൻ A പരിഗണിച്ച് പ്രസ്തുത ദന്തൽ കോളേജിലെ ഓറൽ & മാക്സിലോഫേഷ്യൽ സർജ്ജറി (OMFS) വിഭാഗത്തിലെ ഒരു അസോഷ്യേറ്റ് പ്രൊഫസ്സർ (വാനിഷിംഗ്) തസ്തിക അസിസ്റ്റന്റ് പ്രൊഫസ്സർ (വാനിഷിംഗ്) തസ്തികയായി ഡൗൺഗ്രേഡ് ചെയ്തും പ്രസ്തുത തസ്തികയിൽ ടിയാന് താത്കാലിക നിയമനം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ

ഡോ.ടോണി പി. മാത്യു, സർക്കാർ ദന്തൽ കോളേജ്, കണ്ണൂർ

ധനകാര്യ വകുപ്പ് (1602024/HLT-B1/93/2020-FIN Dated: 23-07-2025)

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/ 181/ 2020/ ആ.കു.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

Signed by
Sajikumar. K
Date: 31-10-2025 10:30:22